>> കവർസ്റ്റോറി

• എം.സി.എ നാസർ




# അധിനിവേശത്തിൻെറ ആറാം വർഷം
# ഇറാഖിൽ സംഭവിക്കുന്നത്

**2003** മാർച്ച് അവസാനം. യുദ്ധം ജയിച്ചവന്റെ ആഹ്ലാദവും കീഴടങ്ങിയ ജനതയുടെ നിസ്സഹായതയും അന്നാദ്യമായി കാണുകയായിരുന്നു. ദക്ഷിണ ഇറാഖിലൂടെ എല്ലാം ചവിട്ടിയരച്ചു മുന്നേറുന്ന കവചിത വാഹനങ്ങൾ. അവയുടെ ഹൃദയം പിളർത്ത് സൈനികർക്കൊപ്പം നാലുപാടും ഇരയെ തെരയുന്ന യന്ത്രത്തോക്കുകൾ. വഴിയോരങ്ങളിൽ ഇറാഖിന്റെ സൈനിക വാഹനങ്ങൾ ഇടതടവില്ലാതെ കത്തിക്കൊണ്ടിരുന്നു. വെടിയൊച്ചകൾ മുഴങ്ങുന്ന തെരുവുകളിൽ പക്ഷേ, അവരെ മാത്രം കണ്ടില്ല. കേട്ട കഥകളിലെ വീറുറ്റ സദ്ദാം സൈന്യം തീക്ഷ്ണ യുദ്ധത്തിന്റെ ഘട്ടത്തിൽ, ഒരു നേർത്ത സാന്നിധ്യം പോലും അവശേഷിപ്പിക്കാതെ എങ്ങോട്ടായിരിക്കും ഓടി മറഞ്ഞത്?

രാസായുധങ്ങൾ ഭയന്ന് ഗ്യാസ് മാസ്കുകൾ ധരിച്ചായിരുന്നു യു.എസ്-ബ്രിട്ടീഷ് സൈന്യം മുന്നേറിയത്. എന്നാൽ ഒളിപ്പിച്ചു വെച്ച രാസായുധങ്ങളോ എണ്ണം തികഞ്ഞ പടക്കോപ്പുകളോ ഒന്നും ഇറാഖിൽ കണ്ടെത്താനായില്ല. ഉഴുതുമറിച്ചിട്ട ചരിത്ര ഭൂമിയുടെ അരികുപറ്റി കണ്ണുകളിൽ ഒളിപ്പിച്ചുവെച്ച ക്രൗര്യവുമായി നീങ്ങുന്ന സാധാരണ ഇറാഖികളുടെ കാഴ്ചയാണ് ശരിക്കും അത്ഭുതപ്പെടുത്തിയത്. സദ്ദാമിന്റെ വികൃതമാക്കപ്പെടുന്ന പ്രതിമകളിലോ, അജയ്യത നിഴലിട്ട അയാളുടെ ചിത്രങ്ങളിലോ അവർ സങ്കടം കൊണ്ടില്ല. സ്വന്തം മണ്ണിലേക്ക് കടന്നു കയറിയ വിദേശ സൈനികർക്കുനേരെ ഒരുതരം പകയോടെ ഇറാഖീ കുട്ടികൾപോലും തുറിച്ചുനോക്കുന്നതു കണ്ടു. തോൽക്കാൻ ആഗ്രഹിക്കാത്ത സൈന്യത്തിന്റെ അവസാന നീക്കിവെപ്പായിരിക്കാം ആ തിര

സ്കാര നോട്ടമെന്നു തോന്നി.

ഒന്നാം ഗൾഫ് യുദ്ധത്തിൽ, കുവൈത്ത് വിമോചിപ്പിച്ച തങ്ങളെ പൂക്കുടകളുമായി അറബ് ജനത എതിരേറ്റതിന്റെ ഗൃഹാതുരത്വം ബസ്വറയിൽ കണ്ട ഫ്രെഡറിക് എന്ന യുവ സൈനികൻ പങ്കുവെച്ചതോർക്കുന്നു. സൈന്യത്തിന് വീരപരിവേഷമായിരുന്നു അന്നു കുവൈത്തിൽ ലഭിച്ചത്. ഇറാഖിൽ എന്തുകൊണ്ട് ഈ അലസ മുന്നേറ്റത്തിനിടയിലും ആളുകൾ 'വിജയി'കളിൽനിന്ന് ഓടിയകലുന്നു എന്നതാണ് സൈനികരെ അമ്പരപ്പിച്ച കാര്യം. സദ്ദാംഭീതി എന്നായിരുന്നു ഇതിനു നൽകിയ ആദ്യവിശദീകരണം. പതിറ്റാണ്ടുകളുടെ ഏകാധിപത്യ ഭാവങ്ങളാണ് തെരുവിൽ കടപുഴകി വീഴുന്നത്. പ്രബല സൈന്യമാണ്, ഒന്നെതിരിടാൻ പോലും ആവതില്ലാതെ ഓടിയൊളിക്കുന്നത്. എന്നിട്ടും ഇറാഖികൾ എന്തുകൊണ്ട് തൊട്ടപ്പുറം കിടക്കുന്ന കുവൈത്ത് ജനതയുടെ വഴി തെരഞ്ഞെടുത്തില്ല? ആരുടെ മനസ്സിലും ഈ ചോദ്യം ഉയരുക സ്വാഭാവികം. ബസ്വറയിലും നാസരിയ്യയിലും ബഗ്ദാദിലും തിക്‌രീതിലും സൈനിക മേധാവികൾ ഇതിനു നൽകിയ ഉത്തരം പക്ഷേ സമാനമായിരുന്നു: 'വെയ്റ്റ് ആൻറ് സീ'.

അവർ പറഞ്ഞതുപോലെ കാത്തിരുന്നു. ഒന്നല്ല, നീണ്ട അഞ്ചു വർഷങ്ങൾ. 2003 ഏപ്രിൽ ഇപ്പോഴിതാ 2008 ഏപ്രിൽ ആയിരിക്കുന്നു. 'ദൗത്യം പൂർത്തിയായി' എന്ന ബുഷ് പ്രഖ്യാപനം വായുവിൽ അലയടിക്കുന്നു.

ഒന്നുറപ്പ്. ബുഷും ബ്ലെയറും സാമന്തന്മാരും ചേർന്ന് ചുട്ടെടുത്ത അധിനിവേശത്തിന്റെ തിരക്കഥ അവർ ലക്ഷ്യമിട്ട വഴിക്കല്ല നീങ്ങുന്നത്. അഞ്ചു വർഷം പിന്നിടുമ്പോൾ ഇക്കാര്യം കൂടുതൽ ബോധ്യപ്പെടുകയാണ്. സദ്ദാമിനോടുള്ള വെറുപ്പ് തങ്ങളോടുള്ള അനുരാഗമായി മാറുമെന്ന് കരുതിയേടത്താണ് സാമ്രാജ്യത്വം ആദ്യം തോറ്റത്. അഹ്‌മദ് ശലബിയെയും നൂരി അൽ മാലികിയെയും മുന്നിൽ നിർത്തി, ഒരു ജനതയെ കൊളോണിയൽ വളർത്തുപട്ടികളാക്കി മാറ്റാമെന്ന മോഹമാണ് രണ്ടാമത് പൊലിഞ്ഞത്. ഇറാഖിന്റെ മുഴുവൻ കോണുകളിലും ലോകത്തെ ഏറ്റവും മികച്ച സൈനിക പ്രതീകങ്ങളെ കൊണ്ടുനിർത്തിയാൽ ജനതയുടെ പ്രതിരോധം താനെ ഇല്ലാതാകുമെന്ന കണക്കുകൂട്ടലും പിഴച്ചു. ആരും കൂട്ടില്ലാതെ ശത്രുവിന്റെ സൈനിക മികവുകൾക്കുനേരെ പാഞ്ഞടുത്ത് തങ്ങളെ തന്നെ ബലിയിടുകയായിരുന്നു ഇറാഖിലെ ചെറുത്തുനിൽപ് പോരാളികൾ.



**നൂർ അൽ മാലികിയും അഹ്‌മദീ നിജാദും**

**ഭാവിയിൽ ഇറാനെതിരെ സൈനിക നടപടി ഉണ്ടാവുകയാണെങ്കിൽ ബസ്വറയാകും വിധി നിർണയിക്കുക. ഇറാഖിലെ ഒന്നര ലക്ഷത്തോളം വരുന്ന യു.എസ് സൈനികർക്കുള്ള ഇന്ധനവും ഭക്ഷണവും യന്ത്രസാമഗ്രികളുമൊക്കെ പോകുന്നത് കുവൈത്ത്-ബസ്വറ വഴിയാണ്. ഇതു തടയപ്പെട്ടാൽ ഇറാഖിൽ യു.എസ് സൈനിക നീക്കത്തിന്റെ രക്തധമനി മുറിയും. ബസ്വ ഇറാൻ നിയന്ത്രണത്തിൽ വന്നാൽ യുദ്ധത്തിന്റെ ഗതിതന്നെ മാറി മറിഞ്ഞേക്കുമെന്ന് സൈനിക വിദഗ്ധനായ വില്യം എസ് വിന്റ് അമേരിക്കക്ക് മുന്നറിയിപ്പ് നൽകുന്നത് വെറുതെയല്ല.**

എന്നാൽ, ഇറാഖികളെ ലോകത്തെ ഏറ്റവും ദരിദ്ര ജനവിഭാഗമാക്കി മാറ്റാൻ, കൊല്ലും കൊലയും നിർബാധം തുടരുന്ന പ്രദേശമാക്കി യൂഫ്രട്ടീസ്-ടൈഗ്രീസ് നദിക്കരയെ മാറ്റുന്നതിൽ ശത്രു വിജയിച്ചു. നൂറ്റാണ്ടുകളുടെ കൈവഴികളിലൂടെ രൂപപ്പെട്ട സമ്പന്ന അറബ് സംസ്കൃതിയുടെ പുനർനിർമാണം അവർ അസാധ്യമാക്കി.

അധിനിവേശാനന്തരം സദ്ദാമിന്റെ ബഅസ് സൈനികർ മാത്രമായിരുന്നു യു.എസ് സൈനിക ലിസ്റ്റിൽ. സുന്നീ പ്രാമുഖ്യമുള്ള സദ്ദാം സൈന്യത്തിന്റെ ക്രൂരതകൾ നിരത്തി ശീഈ വിഭാഗത്തെ അടുപ്പിച്ചുനിർത്താനായി ആദ്യനീക്കം. ബഗ്ദാദിലെയും മറ്റും ബഹുസ്വര സമൂഹം ഇറാഖിന്റെ മഹിതമുദ്രകളിൽ ഒന്നായിരുന്നു. യാങ്കി-ബ്രിട്ടീഷ് കൊളോണിയലിസം ആദ്യം കൈവെച്ചത് ഈ ബഹുസ്വരത തകർക്കുന്നതിലാണ്. ഫലസ്ത്വീനിൽ ഹമാസിനെ ഒതുക്കാൻ ഫത്ഹ് വിഭാഗത്തെ ആളും അർഥവും നൽകി സഹായിക്കുന്ന അതേ മാതൃകയിൽ സുന്നീ വിഭാഗത്തെ അമർച്ച ചെയ്യാൻ ശീഈ നേതാക്കളുടെ കൂട്ട് തേടി. ഇതിൽ ഭാഗിക വിജയം നേടുകയും ചെയ്തു. വംശീയ വിഭാഗങ്ങളെ ശത്രുപക്ഷത്ത് നിലനിർത്തിയും ഓരോ പ്രദേശങ്ങളിലും അവരുടെ അപ്രമാദിത്തം അനുവദിച്ചും വൈരം നിലനിർത്തി മുന്നോട്ടുപോവുക എന്ന കൊളോണിയൽ തന്ത്രം തന്നെയാണ് ഇറാഖിലും നിർലജ്ജമായി അരങ്ങേറിയത്.

### മുഖ്തദ സ്വദ്റും പ്രതിരോധത്തിന്റെ പുതിയ വഴിത്തിരിവും

ഇറാഖീ വിഭാഗങ്ങൾക്കിടയിലെ ആഭ്യന്തര സമസ്യകൾ തിരിച്ചറിയുന്നതിൽ യാങ്കിക്ക് പിഴച്ചു. ശീഈ നേതാവ് സയ്യിദ് മുഖ്തദ സദ്ർ പ്രതിരോധത്തിന്റെ അജയ്യത തെളിയിച്ചു. നൂരി അൽ മാലികി

സർക്കാറിനെ വേട്ടയാടുന്ന അസ്ഥിരത തെരുവിൽ സ്വന്തം സൈന്യത്തെ സജ്ജമാക്കാൻ സ്വദ്റിന് അവസരം നൽകി. അധിനിവേശ ശക്തികൾ ഇറാഖ് വിടണമെന്നും, ഇതിന് സമയപരിധി വേണമെന്നുമാണ് മുഖ്തദ ഉയർത്തുന്ന അടിസ്ഥാന ആവശ്യം. മറ്റു വംശീയ വിഭാഗങ്ങളിൽനിന്ന് സ്വദ്ർ വിഭാഗത്തെ മാറ്റിനിർത്തുന്ന പ്രധാന ഘടകവും ഇതുതന്നെ. പാവ സർക്കാർ സാരഥി നൂരി അൽ മാലികിയെയും ദുർബലമായ ഇറാഖ് സൈന്യത്തെയും ഉപയോഗിച്ച് മഹ്ദി സേനയെ അമർച്ച ചെയ്യാൻ യാങ്കി ഉറച്ചു. വൈറ്റ് ഹൗസിൽനിന്നുള്ള വിജ്ഞാപനം നടപ്പാക്കാൻ മാലികി അനാവശ്യ ധൃതിയാണ് കാണിച്ചത്. ബസ്വറയുടെ ചുറ്റുവട്ടം കടന്ന് കുത്, അമാറ, നാസിരിയ്യ, ദിവാനിയ വഴി ബഗ്ദാദ് വരെയും പിടിച്ചു കുലുക്കാൻ മുഖ്തദക്ക് കഴിഞ്ഞു. 'ഗ്രീൻ സോൺ സുരക്ഷ' എന്നത് വെറും മിഥ്യയാണെന്ന് പോരാളികൾ വീണ്ടും തെളിയിച്ചു. മാലികിയുടെയും ഇറാഖ് സൈന്യത്തിന്റെയും ദൗർബല്യമാണ് ഇവിടെ തുറന്നു കാട്ടിയത്. ഒരാഴ്ചക്കകം 350 ഓളം പേർ മരണപ്പെടുകയും ചെയ്തു.

ബസ്വറയുടെ സുരക്ഷ യാങ്കിക്ക് ബഗ്ദാദിനോളം പ്രധാനമാണ്. ഭാവിയിൽ ഇറാനെതിരെ സൈനിക നടപടി ഉണ്ടാവുകയാണെങ്കിൽ ബസ്വറയാകും വിധി നിർണയിക്കുക. ഇറാഖിലെ ഒന്നര ലക്ഷത്തോളം വരുന്ന യു.എസ് സൈനികർക്കുള്ള ഇന്ധനവും ഭക്ഷണവും യന്ത്രസാമഗ്രികളുമൊക്കെ പോകുന്നത് കുവൈത്ത്-ബസ്വറ വഴിയാണ്. ഇതു തടയപ്പെട്ടാൽ ഇറാഖിൽ യു.എസ് സൈനിക നീക്കത്തിന്റെ രക്തധമനി മുറിയും. ബസ്വറ ഇറാൻ നിയന്ത്രണത്തിൽ വന്നാൽ യുദ്ധത്തിന്റെ ഗതിതന്നെ മാറി മറിഞ്ഞേക്കുമെന്ന് സൈനിക വിദഗ്ധനായ വില്യം എസ് വിന്റ് അമേരിക്കക്ക് മുന്നറിയിപ്പ് നൽകുന്നത് വെറുതെയല്ല. അങ്ങനെ സംഭവിച്ചാൽ പ്രത്യാഘാതം ഏറെ ഭയാനകമായിരിക്കുമെന്നും അദ്ദേഹം ഉണർത്തുന്നു.

ദക്ഷിണ ഇറാഖിൽ തന്റെ ഇടം ശക്തമാണെന്ന് തെളിയിക്കാൻ ഒരാഴ്ച നീണ്ട പോരാട്ടം മുഖ്തദയെ തുണച്ചു. അടുത്തു നടക്കാനിരിക്കുന്ന പ്രവിശ്യാ തെരഞ്ഞെടുപ്പിൽ സ്വദ്ർ തന്നെയാകും വിധി നിർണയിക്കുകയെന്ന പരോക്ഷ സന്ദേശവും ഇതു നൽകി. ഇറാൻ ഇടപെട്ടിരുന്നില്ലെങ്കിൽ സംഘർഷം കൈവിട്ടു പോകുമായിരുന്നുവെന്ന് നൂരി അൽ മാലികിക്ക് നന്നായറിയാം. യു.എസ് സൈനിക നേതൃത്വത്തിനും ഇതു ബോധ്യമുണ്ട്. മുഖ്തദയുടെ പോരാട്ടം നീളുന്നത് യാങ്കിയുടെ പല അജണ്ടയുടെയും അടിത്തറ ഇളക്കും.

**അഞ്ചാണ്ടിനിടയിൽ 12 ലക്ഷത്തോളം ഇറാഖികൾ കൊല്ലപ്പെട്ടുവെന്നാണ് ബ്രിട്ടീഷ് പോളിംഗ് ഏജൻസിയായ ഒ.ആർ.ബിയുടെ പുതിയ സർവേ റിപ്പോർട്ട് (134 പേരെ കൊലപ്പെടുത്തിയ കേസിൽ സദ്ദാമിന് തൂക്കുകയർ നൽകാൻ എന്തൊരാവേശമായിരുന്നു). അഭയാർഥികളാകാൻ വിധിക്കപ്പെട്ട ഇറാഖികളുടെ അവസ്ഥ കൂടുതൽ ദയനീയം. അഭയാർഥികൾക്കുള്ള യു.എൻ ഹൈകമീഷൻ റിപ്പോർട്ട് പ്രകാരം നാൽപത് ലക്ഷം ഇറാഖികളാണ് പുറംലോകത്തേക്ക് പിഴുതെറിയപ്പെട്ടിരിക്കുന്നത്. ഇറാഖിൽ അവശേഷിച്ചവർ അതിലേറെ ദുരിതപർവം താണ്ടുകയാണ്.**



മുഖ്തദയെ നേരിടാൻ ഇറാഖ് സൈന്യം ശീഈ വിഭാഗത്തിൽപെട്ട ബദ്ർ അർധ സൈനിക വിഭാഗത്തിന്റെ പിന്തുണയും തേടിയിരുന്നു. തങ്ങളുടെ സഹായത്തോടെ മാലികിയുടെ നേതൃത്വത്തിൽ ഇറാഖ് സൈന്യം നടത്തിയ നീക്കം രാജ്യത്തിന്റെ സുരക്ഷ മെച്ചപ്പെടുത്തിയെന്ന് അമേരിക്കയുടെ ഇറാഖ് സൈനിക വക്താവ് മേജർ ജനറൽ കെവിൻ പറഞ്ഞു. 'സ്വതന്ത്ര ഇറാഖിന്റെ ചരിത്രത്തിലെ നിർണായക വഴിത്തിരിവ്' എന്നാണ് മാലികിയുടെ നടപടിയെ ബുഷ് പ്രകീർത്തിച്ചത്! ആയുധങ്ങൾ അടിയറ വെക്കാൻ മാലികി അന്ത്യശാസന നൽകിയിട്ടും ഒരു കളിത്തോക്കു പോലും ആരും കൈമാറിയില്ലെന്നോർക്കണം. മണിക്കൂറുകൾ കഴിഞ്ഞപ്പോൾ സ്വദ്റിന്റെ ആസ്ഥാനത്തു ചെന്ന് ആയുധങ്ങൾ മാത്രമല്ല തങ്ങളെ തന്നെ അടിയറ വെക്കുന്ന ഇറാഖ് സൈനികരുടെ ഫൂട്ടേജുകൾ ചാനലുകളിൽ നിറയുകയും ചെയ്തു.

എല്ലാ വംശീയ വിഭാഗങ്ങൾക്കും പ്രാതിനിധ്യമുള്ള ഒന്നാണ് ഇറാഖ് സൈന്യം എന്ന വാദം തികഞ്ഞ അസംബന്ധമാണ്. ശീഈ വിഭാഗത്തിന്റെ പോലും ശരിയായ പ്രാതിനിധ്യം ഈ സൈന്യത്തിനില്ല. സങ്കുചിത വംശീയതയുടെ പ്രതീകം മാത്രമാണ് മാലികിയുടെ സൈന്യം. നിരവധി ശീഈ മിലീഷ്യകളിൽ ഒന്ന് മാത്രം. ഭരണതലത്തിലും സൈനികതലത്തിലും ഇറാഖിന്റെ ശരിയായ പ്രാതിനിധ്യം ഉണ്ടാകണമെന്ന് യാങ്കി നേതൃത്വം ഒരിക്കലും ആഗ്രഹിച്ചിട്ടുമില്ല.

## കരുത്തോടെ ഇറാൻ ആശങ്കയോടെ അമേരിക്ക

മുഖ്തദക്കൊപ്പം വിജയിച്ചത് ഇറാൻ കൂടിയാണ്. അധിനിവേശത്തിന്റെ അഞ്ചാണ്ടിനിടയിൽ ഗണ്യമായ രാഷ്ട്രീയ, സാമ്പത്തിക, സൈനിക സ്വാധീനമാണ് ഇറാഖിൽ ഇറാൻ നേടിയത്. ഒന്നര ലക്ഷത്തിലേറെ വരുന്ന യു.എസ് ചോറ്റുപട്ടാളത്തിന്റെ കൺമുമ്പിലാണ് ഇറാന്റെ പ്രകടനം. അതിരുകളുടെ ഇരുപുറവും പങ്കുവെക്കുന്ന സമാന വികാരത്തിന്റെയും ഐക്യപ്പെടലിന്റെയും തലത്തിൽനിന്നു വേണം ഈ നേട്ടം പരിശോധിക്കാൻ. ബദ്ർ സൈന്യത്തിന്റെ കമാണ്ടർ ഹാദീ അൽ ആമിരിയും ഇറാഖിലെ ശീഈ ഇസ്ലാമിക് സുപ്രിം കൗൺസിൽ(ഐ.എസ്.സി.ഐ) പ്രമുഖ അംഗവുമാണ് ഇറാനിലെ ഖുമ്മിൽ ചെന്ന് സ്വദ്ർ വിഭാഗവുമായുള്ള വെടിനിർത്തലിന് കൈയൊപ്പ് ചാർത്തുന്ന തീരുമാനം കൈക്കൊണ്ടത്. അങ്ങനെ ഖും ഇറാന്റെ മാത്രമല്ല ഇറാഖിന്റെയും വിധി നിർണയിക്കുന്ന ആത്മീ

യ കേന്ദ്രമായി മാറുന്നതാണ് കണ്ടത്.

നൂരി അൽ മാലികി യുടെ ഇറാഖ് പാവ സർക്കാറിന്റെ ക്ഷണം സ്വീകരിച്ച് അഞ്ചു നാളുകളാണ് ഇറാൻ പ്രസിഡന്റ് അഹ്മദീ നിജാദ് ഇറാഖിൽ സന്ദർശനം നടത്തിയത്. തന്റെ സുരക്ഷ പോലും നിജാദ് ഇറാഖ് സൈന്യത്തിന് വിട്ടുകൊടുക്കുകയായിരുന്നു. ഇരുരാജ്യങ്ങളും തമ്മിലുള്ള ഇഴയടുപ്പം വർധിക്കുമ്പോൾ യാങ്കിയുടെ ചങ്കാണിടിക്കുന്നത്.

ഇറാഖിലെ പ്രമുഖ മതകുടുംബത്തിന്റെ താവഴിയാണ് മുഖ്തദയുടെ സ്വീകാര്യതയുടെ മറ്റൊരു ഘടകം. കൊല്ലപ്പെട്ട മുഹമ്മദ് ബാഖിറിന്റെ പോരാട്ടവീര്യം മുഖ്തദയും ഏറ്റുവാങ്ങുന്നു. പിതാവും രണ്ട് സഹോദരങ്ങളും വധിക്കപ്പെട്ടതൊന്നും മുക്തദയെ തളർത്തുന്നില്ല. ദക്ഷിണ ഇറാഖിലും മറ്റും ദുരിതമനുഭവിക്കുന്നവർക്കായി സേവനം നൽകാൻ മികച്ച ശൃംഖല തന്നെയുണ്ട് മുഖ്തദക്ക്. അധിനിവേശ ശക്തികൾക്കെതിരെ രക്തസാക്ഷിത്വം വരിക്കാൻ അസംഖ്യം യുവതയെ പാകപ്പെടുത്തിയ ഈ മതനേതാവിനെ പടിഞ്ഞാറൻ മാധ്യമങ്ങൾ 'fire brand cleric' എന്നു വിളിച്ച് അപഹസിക്കുകയാണിപ്പോഴും. ഏറ്റവും ജനപിന്തുണയുള്ള ശീഈ നേതാവായി സ്വദ്ർ മാറിയിരിക്കുന്നു. അധിനിവേശവിരുദ്ധ നിലപാട് തന്നെയാണ് ഈ ജനകീയതക്ക് നിദാനം. അതുകൊണ്ടുതന്നെ യാങ്കിയുമായി ഒത്തുതീർപ്പിന് സ്വദ്ർ വഴങ്ങുമെന്ന് കരുതാനുമാവില്ല. ശീഈ നേതാക്കളുടെ അഭ്യർഥനകൂടി മാനിച്ചാണ് ഈ മാസം ഒമ്പതിന് നടക്കേണ്ടിയിരുന്ന അധിനിവേശവിരുദ്ധ മാർച്ച് മാറ്റിവെക്കാൻ മുഖ്തദ തീരുമാനിച്ചത്.

മഹ്ദീ സേനയാകട്ടെ, യാങ്കിയുടെയും മാലികിയുടെയും ഉറക്കം കെടുത്തുകയാണ്. സൈനിക വിഭാഗം പിരിച്ചുവിടാതെ ആരെയും പ്രവിശ്യാ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുവദിക്കില്ലെന്നാണ് മാലികിയുടെ പുതിയ വിജ്ഞാപനം. വൈറ്റ് ഹൗസ് രൂപപ്പെടുത്തിയ അറബ് ജനാധിപത്യത്തിന്റെ മുന്നുപാധിയാണിത്.

ഏറ്റവും പുതിയ അഭിപ്രായ വോട്ടെടുപ്പിൽ പങ്കെടുത്ത ഇറാഖ് ജനതയും പറയുന്നത് അധിനിവേശ സൈന്യം രാജ്യം വിടണമെന്നു തന്നെ. 'കൂട്ടിക്കൊടുപ്പു സർക്കാർ' എന്നാണ് ഇറാഖ് ജനത മാലികി ഭരണകൂടത്തെ സർവേയിൽ വിലയിരുത്തിയതും.



മുഖ്തദ സ്വദ്ർ

**ശീഈ നേതാവ് സയ്യിദ് മുഖ്തദ അൽ സ്വദ്ർ പ്രതിരോധത്തിന്റെ അജയ്യത തെളിയിച്ചു. നൂരി അൽ മാലികി സർക്കാറിനെ വേട്ടയാടുന്ന അസ്ഥിരത തെരുവിൽ സ്വന്തം സൈന്യത്തെ സജ്ജമാക്കാൻ സ്വദ്റിന് അവസരം നൽകി. അധിനിവേശ ശക്തികൾ ഇറാഖ് വിടണമെന്നും, ഇതിന് സമയപരിധി വേണമെന്നുമാണ് മുഖ്തദ ഉയർത്തുന്ന അടിസ്ഥാന ആവശ്യം. മറ്റു വംശീയ വിഭാഗങ്ങളിൽനിന്ന് സ്വദ്ർ വിഭാഗത്തെ മാറ്റിനിർത്തുന്ന പ്രധാന ഘടകവും ഇതുതന്നെ.**

### അധിനിവേശത്തിന്റെ ദുരന്തചിത്രങ്ങൾ

2003 മാർച്ച് ഇരുപതിന് ആരംഭിച്ച അധിനിവേശത്തിന് മൂന്നു ലക്ഷ്യങ്ങളായിരുന്നു ബുഷും കൂട്ടരും നിരത്തിയത്. ഒന്ന്: ഇറാഖിന്റെ പക്കലുള്ള നശീകരണായുധങ്ങൾ ഇല്ലായ്മ ചെയ്യുക. രണ്ട്: ഭീകരതയെ തുണക്കുന്ന സദ്ദാം ഹുസൈൻ ഭരണത്തെ അട്ടിമറിക്കുക. മൂന്ന്: ഇറാഖ് ജനതയുടെ സ്വാതന്ത്ര്യം ഉറപ്പാക്കുക.

അധിനിവേശം ആറാം വർഷമെത്തുമ്പോൾ യാങ്കി പുറത്തു പോകുന്ന ലക്ഷണമൊന്നും കാണാനില്ല. ഇറാഖ് പിന്മാറ്റം അമേരിക്കൻ ദേശീയതയുടെ അഭിമാന പ്രശ്നമായി ചുരുക്കി കെട്ടുന്നതാണ് ബുഷിന്റെ പിൻഗാമിയെ തേടുന്ന ഇലക്ഷൻ കാമ്പയിനുകളിൽ പോലും കാണുന്നത്.

അഞ്ചാണ്ടിനിടയിൽ 12 ലക്ഷത്തോളം ഇറാഖികൾ കൊല്ലപ്പെട്ടുവെന്നാണ് ബ്രിട്ടീഷ് പോളിംഗ് ഏജൻസിയായ ഒ.ആർ.ബിയുടെ പുതിയ സർവേ റിപ്പോർട്ട് (134 പേരെ കൊലപ്പെടുത്തിയ കേസിൽ സദ്ദാമിന് തൂക്കുകയർ നൽകാൻ എന്തൊരാവേശമായിരുന്നു). അഭയാർഥികളാകാൻ വിധിക്കപ്പെട്ട ഇറാഖികളുടെ അവസ്ഥ കൂടുതൽ ദയനീയം. അഭയാർഥികൾക്കുള്ള യു.എൻ ഹൈകമീഷൻ റിപ്പോർട്ട് പ്രകാരം നാൽപത് ലക്ഷം ഇറാഖികളാണ് പുറം ലോകത്തേക്ക് പിഴുതെറിയപ്പെട്ടിരിക്കുന്നത്. ഇറാഖിൽ അവശേഷിച്ചവർ അതിലേറെ ദുരിതപർവം താണ്ടുകയാണ്. റെഡ്ക്രോസ് അന്താരാഷ്ട്ര കമ്മിറ്റി മാർച്ച് 17ന് പുറത്തിറക്കിയ റിപ്പോർട്ടിൽ ഇതിന്റെ ഭീതിത ചിത്രം കാണാം. ശുദ്ധജലവും ചികിത്സയും കിട്ടാതെ ദശലക്ഷക്കണക്കിന് ഇറാഖികൾ നരകിക്കുന്നുവെന്ന് റിപ്പോർട്ട് പറയുന്നു. സദ്ദാം യുഗത്തിൽ ഇറാഖ് നേടിയ അടിസ്ഥാന സൗകര്യങ്ങളത്രയും നിഷേധിക്കപ്പെട്ടു. ഒരു വ്യാഴവട്ടം നീണ്ട ഉപരോധത്തിന്റെ തീവ്രത കാരണം പോഷകാഹാരം ലഭിക്കാതെയും രോഗം പിടിപെട്ടും ചത്തൊടുങ്ങിയത് ദശലക്ഷം ഇറാഖികൾ.

കഴിഞ്ഞ ജൂലൈയിൽ *ഓക്സ്ഫാം ഇന്റർനാഷ്നൽ* മറ്റൊരു റിപ്പോർട്ട് പുറത്തു കൊണ്ടുവന്നു. നാൽപത് ലക്ഷം ഇറാഖികൾ അടിയന്തര സഹായം കാത്തു കഴിയുന്നുവെന്നായിരുന്നു ഇതിന്റെ ഉള്ളടക്കം. 70 ശതമാനം ഇറാഖികൾക്കും ശുദ്ധജലം ലഭിക്കുന്നില്ലെന്നും പോഷകാഹാര കുറവ് മൂലമുള്ള ശിശുമരണ നിരക്കിൽ ഏഴു ശതമാനം വളർച്ചയുണ്ടെന്നും റിപ്പോർട്ട് പറയുന്നു. ഇറാഖിൽ വൈദ്യുതിയും എണ്ണ ഉൽപാദനവും താളംതെറ്റിയ സ്ഥിതിയിൽ തന്നെ. ഇറാഖ് സർക്കാറിന്റെ തന്നെ കണക്കു പ്രകാരം രാജ്യത്തെ തൊഴിലില്ലായ്മ 40- 70 ശതമാനത്തിന് ഇടയിലാണ്. അധിനിവേശം സൃഷ്ടിക്കുന്നത് തെണ്ടികളുടെ തലമുറയെ ആയിരിക്കുമെന്ന നിഗമനം ഇറാഖിൽ അക്ഷരാർഥത്തിൽ പുലരുകയാണ്.

ഇതിനിടയിൽ വംശീയ സൈന്യങ്ങളെ ആളും അർഥവും നൽകി പ്രോത്സാഹിപ്പിച്ച് ചരിത്രത്തിന്റെ കളിത്തൊട്ടിലായ ബഗ്ദാദിനെ, ലോകത്തെ ഏറ്റവും 'അപകടം പിടിച്ച നഗര'മാക്കി മാറ്റുകയും ചെയ്തു. തെറ്റായ നിഗമനങ്ങളുടെയും കള്ളങ്ങളുടെയും പുറത്ത് ഒരു ജനതയുടെ ജീവിതവും സ്വത്തുവകകളും അഭിമാനവുമാണ് ക്രൂരമായി തകർത്തെറിഞ്ഞത്. സമ്പന്ന പൈതൃകമുള്ള ഒരു രാജ്യത്തെ നൂറ്റാണ്ടുകൾക്ക് പിറകിലേക്ക് വലിച്ചെറിയുകയായിരുന്നു നവ കൊളോണിയൽ ശക്തികൾ. എന്നിട്ടും അവർ പറയുന്നു, ഇറാഖിൽ സ്ഥിതിഗതികൾ മെച്ചപ്പെടുകയാണെന്ന്. കഴിഞ്ഞ മാസം ബഗ്ദാദ് സന്ദർശിച്ച യു.എസ് വൈസ് പ്രസിഡന്റ് ഡിക് ചെനി പറഞ്ഞു, 'അധിനിവേശം

വിജയകരമായ ഒരു സംരംഭം' ആണെന്ന്!

**യാങ്കി നേരിടുന്ന തിരിച്ചടികൾ**

തിരിച്ചടിയും ശക്തമാണ്. നാലായിരം അമേരിക്കൻ സൈനികർ കൊല്ലപ്പെട്ടു. ചുരുങ്ങിയത് പതിനാറായിരം സൈനികർക്കെങ്കിലും ഗുരുതര പരിക്കേറ്റു. ഇറാഖ് അധിനിവേശ സമ്മർദം താങ്ങാനാകാതെ യു.എസ് സൈനിക ഘടന തന്നെ തളരുകയാണ്. സാമ്പത്തിക രംഗത്തെ ആഘാതം പറയേണ്ടതുമില്ല. ഇറാഖ് അധിനിവേശത്തിന്റെ അമേരിക്കൻ വിലയെ കുറിച്ച ശ്രദ്ധേയ വിവരങ്ങളാണ് ലോക ബാങ്ക് മുൻ സാമ്പത്തിക വിദഗ്ധൻ ജോസഫ് സ്റ്റിഗ്‌ലിറ്റ്സിന്റെ പുതിയ പുസ്തകം (The Three Trillion War) നൽകുന്നത്. അമേരിക്കൻ ജനതയിൽനിന്ന് ഭരണകൂടം മറച്ചുപിടിച്ച യുദ്ധ ചെലവുകളുടെ വ്യാപ്തി എത്രയെന്ന് പുസ്തകം അനാവരണം ചെയ്യുന്നു. രഹസ്യ ചെലവ് ഇനത്തിൽ മാത്രം 125 ബില്യൻ ഡോളറിന്റെ കണക്കുണ്ട്. അമേരിക്കൻ തലമുറകൾക്ക് കടുത്ത ബാധ്യത ബാക്കി വെക്കുന്ന യുദ്ധമാണിത്. എണ്ണവില റിക്കാർഡ് ഭേദിക്കുന്നതിന്റെ ഇടിത്തീ വേറെയും. ഏറ്റവും ചെലവേറിയ യുദ്ധം ഇറാഖിൽ തുടരുമ്പോൾ ഡോളറിന്റെ തകർച്ച ആഗോള സമ്പദ് ഘടനയെ അപ്പാടെ ഉലക്കുകയാണ്. അഫ്ഗാൻ അധിനിവേശം സോവിയറ്റ് യൂനിയനെ എവ്വിധം ശിഥിലമാക്കിയോ അതേ വഴിക്കു തന്നെയാകും ഇറാഖ്- അഫ്ഗാൻ അധിനിവേശങ്ങളുടെ ഫലശ്രുതിയുമെന്ന് വിലയിരുത്തുന്നവർ ഇപ്പോൾ ധാരാളം.

ഐക്യരാഷ്ട്ര സംഘടനയും ഇതേ പാപഭാരം പേറുന്നുണ്ട്. ഇറാഖിലെ 500 കേന്ദ്രങ്ങളിൽ യു.എൻ ആയുധ പരിശോധകർ അന്വേഷിച്ചതാണ്. എന്നിട്ടും നശീകരണായുധമൊന്നും കണ്ടുകിട്ടിയിരുന്നില്ല. യുറേനിയം കടത്തിന് സദ്ദാം ശ്രമിച്ചുവെന്നായിരുന്നു യു.എസ് കോൺഗ്രസ് മുമ്പാകെ ബുഷ് പറഞ്ഞത്. സദ്ദാമിന്റെ പക്കൽ നശീകരണായുധം ഉണ്ടെന്നതിന് 'ക്രെഡിബിൾ ഇൻഫർമേഷൻ'ഉണ്ടെന്ന് കോളിൻ പവൽ യു.എൻ മുമ്പാകെ സമർഥിക്കുകയും ചെയ്തു. നശീകരണായുധങ്ങളോ അൽഖാഇദയോ ഇറാഖിൽ ഉണ്ടെന്നതിന് യാതൊരു തെളിവും ഇവർ ഇതുവരെ നൽകിയിട്ടുമില്ല. 'ഇന്റലിജൻസ് പിഴവ്' എന്നു പറഞ്ഞ് തടിയൂരുകയായിരുന്നു യാങ്കി നേതൃത്വം.

ഇറാഖിൽ ജനാധിപത്യം കൊണ്ടു വരുമെന്ന വാഗ്ദാനവും ജലരേഖയായി. അരാജകത്വത്തിന്റെ പേരാണ് വൈറ്റ് ഹൗസിന് ജനാധിപത്യമെങ്കിൽ, പോയ അഞ്ചു വർഷത്തിൽ അതു ശരിക്കും നടപ്പായെന്ന് വരവു വെക്കാം. ഇസ്രയേലിന്റെ സുരക്ഷയായിരുന്നു ഇറാഖ് അധിനിവേശത്തിന്റെ അപ്രഖ്യാപിത ലക്ഷ്യത്തിൽ പ്രധാനം. എന്നാൽ ഇറാഖ് അധിനിവേശം ഇറാനെ ഏറ്റവും വലിയ 'പൊട്ടൻഷ്യൽ ത്രെട്ട്' ആയി മാറ്റിയിരിക്കുന്നുവെന്നാണ് ഇസ്രയേൽ നേതൃത്വം ഇപ്പോൾ വിലപിക്കുന്നത്.

സാമ്രാജ്യത്വ വിപുലീകരണം, വിഭവങ്ങളുടെ ആസൂത്രിത കൊള്ള, വിധേയരാഷ്ട്രങ്ങളെ സൃഷ്ടിച്ചെടുക്കൽ-ഈ മൂന്ന് ലക്ഷ്യങ്ങൾക്കായി പുതിയൊരു സിദ്ധാന്തം തന്നെ ബുഷ് നേതൃത്വം രൂപപ്പെടുത്തുകയായിരുന്നു. യുദ്ധം ഉണ്ടായേക്കുമെന്ന ആശങ്കയിൽ അതൊഴിവാക്കാൻ മുൻകൂട്ടിയുള്ള നടപടി ന്യായമാണെന്നായിരുന്നു ഈ സിദ്ധാന്തത്തിന്റെ കാതൽ. ഇറാഖിന്റെ കാര്യത്തിൽ മാത്രമല്ല, അമേരിക്ക ആഗ്രഹിക്കുന്ന ഏതൊരു രാജ്യത്തിന്റെ കാര്യത്തിലും കടന്നാക്രമണത്തിനു വകുപ്പുണ്ടാക്കാൻ എളുപ്പം. ആഗോള തീവ്രവാദ ഭീഷണിയുടെ പുറത്ത് എല്ലാം ന്യായീകരിക്കപ്പെടുകയും ചെയ്യും. തികച്ചും അപകടകരമായ സൂചനയാണിത്. ആണവ പദ്ധതിയുടെ പുറത്ത് ഇറാനും വടക്കൻ കൊറിയക്കുമെതിരെ സൈനിക നടപടി വേണമെന്നതും ഇതേ സിദ്ധാന്തത്തിന്റെ തുടർച്ച തന്നെ. ഏറ്റവും കൂടുതൽ ആണവായുധങ്ങൾ സ്വന്തമാക്കി വെച്ച യാങ്കി തന്നെയാണ് ഇവയുടെ നശീകരണം വലിയൊരു സാമൂഹിക ബാധ്യതയാണെന്ന് നമ്മെ ഓർമിപ്പിക്കുന്നതും.

**അധിനിവേശം ഇനി എത്ര കാലം?**

എത്രകാലം ഇറാഖിൽ തുടരും എന്ന ചോദ്യത്തിന് അമേരിക്കയുടെ പക്കൽ ഉത്തരമില്ല. ഇറാഖികൾ ആഗ്രഹിക്കുന്നേടത്തോളം എന്ന മറുപടിയായിരുന്നു നേരത്തെ കേട്ടിരുന്നത്. ഇപ്പോൾ അതും കേൾക്കാനില്ല. സൈനികരുടെ എണ്ണം ഉയർത്തിയും ബഗ്ദാദിൽ കൂറ്റൻ എംബസി പണിതും അധിനിവേശത്തിന് ദീർഘകാല അടിത്തറ പാകാൻ തന്നെയാണ് നീക്കം. മുപ്പതിനായിരം സൈനികരെ പുതുതായി നിയോഗിച്ചതും കാര്യങ്ങൾ കൈപ്പിടിയിൽ നിർത്താനുള്ള തന്ത്രം തന്നെ. ഇതിനിടയിൽ യു.എൻ സൈന്യം അമ്പത് വർഷമെങ്കിലും ഇറാഖിൽ തുടരേണ്ടിവരുമെന്ന് ബുഷ് സൂചിപ്പിക്കാനും മറന്നില്ല. ഇത് നൂറ് വർഷത്തേക്ക് നീട്ടിയാലും കുഴപ്പമില്ലെന്നാണ് റിപ്പബ്ലിക്കൻ പ്രസിഡന്റ് സ്ഥാനാർഥി ജോൺ മെക്കയിൻ പറയുന്നത്. ജപ്പാനിൽ അറുപത് വർഷവും, തെക്കൻ കൊറിയയിൽ 50 വർഷവും തുടർന്നെങ്കിൽ എന്തുകൊണ്ട് ഇറാഖിൽ നൂറു വർഷം പാടില്ലെന്നും മെക്കയിൻ ചോദിക്കുന്നു.

സൈനിക നടപടികളിലൂടെ സ്വാധീനം ഉറപ്പിക്കാമെന്ന പഴയ കണക്കുകൂട്ടലും പാടെ മാറുകയാണ്. ഐക്യരാഷ്ട്ര സംഘടനയെ ഉപയോഗിച്ച് ഒതുക്കാൻ ശ്രമിക്കുന്ന രാജ്യങ്ങൾ പോലും മികവാർന്ന നയതന്ത്ര രീതികളിലൂടെ ഇപ്പോൾ സ്വീകാര്യത നേടുകയാണ്. ഇറാൻ തന്നെ മികച്ച ഉദാഹരണം. ഗൾഫ് സഹകരണ കൗൺസിൽ രാജ്യങ്ങളുടെ നിർണായക ഉച്ചകോടിയിൽവരെ ഇറാൻ പ്രസിഡന്റിന് ചുവപ്പു പരവതാനി വിരിക്കാൻ നേതാക്കൾ മത്സരിച്ചു. ഇറാൻപേടി നിലനിർത്താനുള്ള യു.എസ് ശ്രമങ്ങൾ ദയനീയമായി തളരുന്നതും ഇവിടെ കണ്ടു. കോണ്ടലീസയും ഡിക് ചെനിയും സാക്ഷാൽ ബുഷും ഗൾഫ് രാജ്യങ്ങളിൽ ഓടിയെത്തിയതാണ്. 'ഇറാനെ അകറ്റൂ, മേഖലയെ രക്ഷിക്കൂ' എന്ന ഒറ്റ വിലാപ മുദ്രാവാക്യമായിരുന്നു ഇവർ ഉയർത്തിയത്.

പശ്ചിമേഷ്യൻ സുരക്ഷ തങ്ങളുടെ മാത്രം കുത്തകയാണെന്ന അമേരിക്കൻ മുൻവിധിയും തകരുകയാണ്; ചൈനയും റഷ്യയും അറബ് രാജ്യങ്ങളിലേക്ക് സഹകരണത്തിന്റെ പുതിയ പാലങ്ങൾ പണിയുമ്പോൾ വിശേഷിച്ചും. ഗൾഫ് ആണവ പദ്ധതിക്ക് സാങ്കേതിക സഹായം ആദ്യം പ്രഖ്യാപിച്ചത് റഷ്യയാണ്. സാമ്പത്തിക രംഗത്ത് ചൈന-ഗൾഫ് സഖ്യം ഏറെ മുന്നോട്ടു പോയിരിക്കുന്നു. എൺപതുകളിലെ അമേരിക്കൻ ഏക ഛത്രാധിപത്യമെന്ന അവസ്ഥ തീർത്തും മാറി. മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അയൽ രാജ്യങ്ങളുമായി ഇഴയടുപ്പം വർധിപ്പിക്കാതെ രക്ഷയില്ലെന്ന തിരിച്ചറിവിലേക്ക് ഗൾഫ് രാജ്യങ്ങളും വന്നുകൊണ്ടിരിക്കുന്നു. ഈ മാറ്റം ശക്തിപ്പെട്ടാൽ പുതിയ അധിനിവേശങ്ങളെങ്കിലും ഒഴിവാക്കാൻ കഴിയും. ■